ദേശാഭിമാനി
DATE : 13/10/2025
KOCHI EDITION
PAGE NO : 2
COLUMN NO : 1

# ജില്ലാ ത്രോബോൾ ചാമ്പ്യൻഷിപ്

**മട്ടാഞ്ചേരി**

ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ് 25, 26 തീയതികളിൽ നോർത്ത് പറവൂർ ഡോ. എൻ ഇന്റർനാഷണൽ സീനിയർ സെക്കൻഡറി സ്കൂളിൽ നടക്കും. പങ്കെടുക്കുന്നവർ 20ന് മുമ്പായി പേരുകൾ രജിസ്റ്റർ ചെയ്യണം. ഫോൺ: 9207075619.

**ദേശാഭിമാനി**

**DATE : 29/10/2025**

**KOCHI EDITION**

**PAGE NO : 4**

**COLUMN NO : 2,3,4**

ജില്ലാ സീനിയർ ത്രോബോൾ

# മട്ടാഞ്ചേരി ഗുജറാത്തി അക്കാദമിയും കരിമ്പാടം ഡിഡി സഭയും ജേതാക്കൾ



ജില്ലാ സീനിയർ ത്രോബോൾ മത്സരത്തിൽ ആൺകുട്ടികളുടെ വിഭാഗം ചാമ്പ്യൻമാരായ മട്ടാഞ്ചേരി ഗുജറാത്തി അക്കാദമി ടീം അംഗങ്ങൾ ട്രോഫിയുമായി

**പറവൂർ**

ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ മട്ടാഞ്ചേരി ഗുജറാത്തി അക്കാദമിയും, കരിമ്പാടം ഡിഡി സഭയും ചാമ്പ്യൻമാരായി. ആൺകുട്ടികളുടെ വിഭാഗത്തിൽ കരിമ്പാടം ഡിഡി സഭയെയാണ് മട്ടാഞ്ചേരി ഗുജറാത്തി അക്കാദമി പരാജയപ്പെടുത്തിയത്. സ്കോർ 15–7, 8– 15, 15–9. പെൺകുട്ടികളുടെ വിഭാഗത്തിൽ യാക്കാ സ്പോർട്സ് കൊച്ചിയെ പരാജയപ്പെടുത്തിയാണ് കരിമ്പാടം ഡിഡി സഭ ചാമ്പ്യൻമാരായത്. സ്കോർ 9–15, 11–15.

മട്ടാഞ്ചേരി ഗുജറാത്തി അക്കാദമിയുടെ മുഹമ്മദ് ആമിൽ, ഡിഡി സഭയുടെ കെ എസ് നന്ദ എന്നിവരാണ് ടൂർണമെന്റിലെ താരങ്ങൾ. ഡോ. എൻ ഇന്റർനാഷണൽ സ്കൂൾ വൈസ് പ്രിൻസിപ്പൽ സ്നേഹ വിജയികൾക്ക് സമ്മാനം നൽകി. കെ പ്രദീപ് അധ്യക്ഷനായി. കെ എം ഷാഹുൽ ഹമീദ്, സൽമാൻ ഫാരിസ് എന്നിവർ സംസാരിച്ചു. നവംബർ 15, 16, 17 തീയതികളിൽ പറവൂരിൽ നടക്കുന്ന സംസ്ഥാന സീനിയർ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാനുള്ള ജില്ലാ ആൺ, പെൺ ടീമുകളെ തെരഞ്ഞെടുത്തു.

ചന്ദ്രിക
DATE : 13/10/2025
KOCHI EDITION
PAGE NO : 11
COLUMN NO :4

# ജില്ലാ ത്രോബോൾ ചാമ്പ്യൻഷിപ്പ്

മട്ടാഞ്ചേരി: ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് 25, 26 തിയതികളിൽ നോർത്ത് പറവൂർ ഡോ: എൻ .ഇന്റർനാഷണൽ സീനിയർ സെക്കന്ററി സ്കൂളിൽ നടക്കും . പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 20 നു മുൻപായി പേരുകൾ രജിസ്റ്റർ ചെയ്യണമെന്ന് ജില്ല സെക്രട്ടറി അറിയിച്ചു. ഫോൺ : 9207075619.